# അക്കാദമിക മാസ്റ്റർപ്ലാൻ

## ജി.എം.എൽ.പി.എസ്.വെളിയംകോട്

2025-26

**ആമുഖം :-**

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ വെളിയങ്കോട് പഞ്ചായത്തിലെ നാലാം വാർഡിലാണ് ജി.എം.എൽ.പി.എസ് വെളിയങ്കോട് സ്ഥിതി ചെയ്യുന്നത്. 1934 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. എൽ.പി വിഭാഗത്തിലുള്ള ഈ സ്കൂളിൽ മലയാളമാണ് പഠനമാധ്യമ വിഷയം. 107 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ 55 ആൺകുട്ടികളും 52 പെൺകുട്ടികളുമാണ് ഉള്ളത്.

**സ്കൂളിന്റെ ചരിത്രവും പശ്ചാത്തലവും.**

1934 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ 150 ൽ കൂടുതൽ വിദ്യാർത്ഥികൾ ആ കാലയളവിൽ പഠിച്ചിരുന്നു. ഓലഷെഡ്ഡിലായിരുന്നു അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത്. തുടർന്ന് ഓട് കെട്ടിടത്തിൽ അരമതിലോടുകൂടിയ ക്ലാസ് മുറികളിൽ പ്രവർത്തിച്ചു. 2021-ൽ ആധുനികസൗകര്യങ്ങളോട് കൂടിയ ഇരുനില കെട്ടിടത്തിലേക്ക് മാറി.

Scanned with AnyScanner

നിലവിൽ സ്കൂളിൽ കുട്ടികളുണ്ട്. പ്രധാനാധ്യാപികയടക്കം 4 സ്ഥിര അധ്യാപകരും, 2 ദിവസവേതന അധ്യാപകരും, ഒരു പിടിസിഎം അടക്കം 7 ആളുകൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്.

**നേട്ടങ്ങളും, വെല്ലുവിളികളും :-**

മുൻവർഷത്തിലെ പരീക്ഷാ ഫലവുമായി തട്ടിച്ചുനോക്കിയാൽ ഈ വർഷം മികച്ച നിലവാരത്തിലുള്ള കുട്ടികളാണുള്ളത്. ഈ വർഷം നാലാം തരത്തിൽ നിന്ന് 8 കുട്ടികൾ LSS പരീക്ഷ എഴുതുകയും 4 കുട്ടികൾ അതിൽ അർഹത നേടുകയും ചെയ്തു. വർഷാവസാനം നടത്തുന്ന പഠനോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. പിന്നോക്കക്കാരായ കുട്ടികൾക്കായി നടത്തിയ വിജയസ്പർശം പരിപാടി ഭംഗിയായി നടത്താൻ സാധിച്ചു.

കുട്ടികളുടെ കായികക്ഷമത ഉയർത്തി വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ സ്കൂൾ ഗ്രൗണ്ടിന്റെ അഭാവം മൂലം സാധിക്കാറില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ മഴക്കാലങ്ങളിൽ വെള്ളക്കെട്ട് മൂലം കുട്ടികൾക്ക് സ്കൂളിലെത്താൻ ഏറെ ബുദ്ധിമുട്ട്

Scanned with AnyScanner

അനുഭവപ്പെടാറുണ്ട്.

## കാഴ്ചപ്പാടും ലക്ഷ്യങ്ങളും :-

വിദ്യാഭ്യാസം എന്നത് അറിവ് നേടുന്നതിനും കഴിവുകൾ വികസിപ്പിക്കുന്നതിനുമുള്ള ഒരു പ്രക്രിയ മാത്രമല്ല. വ്യക്തിയുടേയും സമൂഹത്തിന്റേയും സമഗ്രമായ വികാസത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവും ബൗദ്ധികവുമായ എല്ലാ കഴിവുകളെയും പരിപോഷിപ്പിക്കുക. സത്യസന്ധത, സഹാനുഭൂതി, സാമൂഹിക പ്രതിബദ്ധത, പരസ്പരബഹുമാനം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക. പുതിയ ആശയങ്ങൾ കണ്ടെത്താനും വെല്ലുവിളികളെ നേരിടാനും വിമർശനാത്മകമായി ചിന്തിക്കാനുമുള്ള കഴിവ് വളർത്തുക. ജീവിതകാലം മുഴുവൻ പുതിയ കാര്യങ്ങൾ പഠിക്കാനുള്ള താല്പര്യവും കഴിവും വളർത്തുക.

എല്ലാ കുട്ടികൾക്കും ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ നല്ല അടിസ്ഥാനപരമായ അറിവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. ആശയവിനിമയം, സഹകരണം, വിമർശനാത്മക ചിന്ത, ഡിജിറ്റൽ സാക്ഷരത തുടങ്ങിയ 21ാം നൂറ്റാണ്ടിലെ നൈപുണ്യങ്ങൾ വികസിപ്പിക്കുക.

Scanned with AnyScanner

ഓരോ കുട്ടിയുടേയും വൈവിധ്യങ്ങളും കഴിവുകളും തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക. കലാപരവും കായികപരവുമായ കഴിവുകൾക്ക് ഊന്നൽ നൽകുക. എല്ലാ കുട്ടികൾക്കും അവരുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ, തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ലഭ്യമാക്കുക. കാണാപാഠം പഠിക്കുന്ന രീതിക്ക് പകരം പ്രയോഗികവും അനുഭവസമ്പന്നവുമായ പഠനരീതികൾക്ക് പ്രാധാന്യം നൽകുക. പഠനപ്രക്രിയ മെച്ചപ്പെടുത്തുന്നതിനായി സാങ്കേതികവിദ്യയെ ഫലപ്രദമായി ഉപയോഗിക്കുക.

## അക്കാദമിക പ്രവർത്തനങ്ങൾ :-

### ദീർഘകാല പ്രവർത്തനങ്ങൾ :-

എല്ലാ ക്ലാസ്മുറികളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ AI TV സ്ഥാപിക്കുന്നു. എല്ലാ കുട്ടികൾക്കും ഒരേ സമയം കമ്പ്യൂട്ടർ പഠിക്കാൻ പറ്റുന്ന തരത്തിൽ സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ക്ലാസ്മുറികൾ. ഓരോ കുട്ടിയുടേയും പഠനനിലവാരത്തിനുയോജിച്ച ലൈബ്രറി പുസ്തകങ്ങളും ഇരിപ്പിടവും സെറ്റുചെയ്ത ലൈബ്രറി ക്ലാസ് റൂം.

Scanned with AnyScanner

**ഉപലക്ഷ്യങ്ങൾ :-**

എല്ലാ കുട്ടികളും ആധുനിക സാങ്കേതിക വിദ്യ പരിചയപ്പെടുന്നതിൽ അറിവുനേടുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

നടപ്പാക്കുന്ന രീതി :- തദ്ദേശസ്വയംഭരണ വകുപ്പ്, പൂർവ്വവിദ്യാർത്ഥികൾ, എസ്, എം. സി അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിൽ വരുത്താം.

**ചുമതല :-** തദ്ദേശസ്വയംഭരണ വകുപ്പ്

**സമയപരിധി :-** 3 - 4 വർഷം

**മധ്യകാല പ്രവർത്തനങ്ങൾ**

1. ബയോ-ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം.
2. കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ മാസിക തയ്യാറാക്കൽ.
3. രോഗങ്ങളെ പ്രതിരോധിക്കാനും ആരോഗ്യകരമായ ജീവിതം നയിക്കാനും സഹായിക്കുന്ന യോഗക്ലാസുകൾ

നടപ്പാക്കുന്ന രീതി :- അധ്യാപകർക്ക് ചുമതല നൽകുന്നു.

സമയപരിധി :- ഒരു വർഷം

Scanned with AnyScanner

# പ്രത്യേക പ്രവർത്തനങ്ങൾ

* എല്ലാ വിദ്യാർത്ഥികൾക്കും പ്രായത്തിനനുസരിച്ച് മലയാളം, ഇംഗ്ലീഷ്, അറബി എന്നിവ വായിക്കാനും, ആശയവിനിമയം നടത്താനും കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

* പ്രവൃത്തി നിരീക്ഷണം

* പഠനോത്പന്ന നിർമ്മാണം

* സന്തോഷപ്പെട്ടി:- ഓരോ ദിവസവും സന്തോഷം നൽകിയ കാര്യങ്ങൾ ഒരു കടലാസിൽ എഴുതി പെട്ടിയിൽ ഇടുന്നു. ആഴ്ചാവസാനം അത് തുറന്നു വായിക്കാം.

* ഓരോ കുട്ടിക്കും ഓരോ കഥാപുസ്തകം:- കുട്ടികൾ സ്വന്തമായി തയ്യാറാക്കിയ കഥകൾ ഉൾപ്പെടുത്തി ബാലസാഹിത്യകൃതി രൂപീകരിക്കുന്നു.

* ദിനാചരണങ്ങൾ

* ഗണിതമൂല:- എല്ലാ ക്ലാസ്മുറികളും ആവശ്യത്തിന് വസ്തുക്കൾ ഉൾപ്പെട്ട ഗണിതമൂല സജ്ജീകരിക്കുന്നു.

* ഗൃഹസന്ദർശനം

* A word a day

*

Scanned with AnyScanner

## വിലയിരുത്തൽ രീതികൾ :-

പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വിവിധ അധ്യാപകർക്ക് ചുമതല നൽകുന്നു.

## സംഗ്രഹം :-

ഹീനനിലവാരത്തിലുള്ള കുട്ടികളെ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രവർത്തനങ്ങളെ വിലയിരുത്താൻ അധ്യാപകർക്ക് ചുമതല നൽകി.

Scanned with AnyScanner